# കേരള സർക്കാർ
# ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
## ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ. തീയതി : 2019 ജൂൺ 12

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

# Web: www.prd.kerala.gov.in.E-mail.diothrissur@gmail.com.

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

## മഴ: രണ്ട് വീടുകൾ തകർന്നു

കനത്ത കാറ്റിലും മഴയിലും അതിരപ്പിള്ളി, കൈനൂർ വില്ലേജ് പരിധികളിലായി രണ്ട് വീടുകൾ തകർന്നു. അതിരപ്പിള്ളി വില്ലേജ് പരിധിയിൽ പ്രിയ പോഴെക്കാടന്റെ വീട് ബുധനാഴ്ച്ച രാവിലെ 11:20 നാണ് പൂർണ്ണമായി തകർന്നു. ഏകദേശം 3,00,000 രൂപയുടെ നാശനഷ്ടം കണക്കാക്കി. കൈനൂർ വില്ലേജ് പരുധിയിൽ വെള്ളാഞ്ചേരി വീട്ടിൽ സുലോജനയുടെ വീടിന്റെ മേൽകുര ചൊവ്വാഴ്ച്ച ഭാഗികമായി തകർന്നു നാശനഷ്ടം കണക്കാക്കിയിട്ടില്ല.

ജില്ലയിൽ കൊടുങ്ങല്ലൂർ താലൂക്കിൽ എറിയാട്, എടവിലങ്ങ് പഞ്ചായത്തുകളിലും ചാവക്കാട് താലൂക്കിൽ വാടാനപ്പിള്ളിയിൽ ദുരിതാശ്വാസ ക്യാമ്പുകൾ പ്രവർത്തിക്കുന്നുണ്ട്. 313 കുടുംബങ്ങളിലായി ആകെ 1144 പേരാണ് ക്യാമ്പുകളിൽ പ്രവേശിക്കപ്പെട്ടിട്ടുള്ളത്. നിലവിൽ കൊടുങ്ങല്ലൂർ താലൂക്കിലെ കെ.വി.എച്ച്എസ്. എറിയാട്, സെന്റ് അൽബാന എടവിലങ്ങ്, ചാവക്കാട് താലൂക്കിലെ ജി.എഫ്. യു പി എസ് കൊട്ടകപ്പുറം, വാടാനപ്പള്ളി എന്നീ മൂന്ന് സ്കൂളുകളിലായാണ് ദുരിതാശ്വാസ ക്യാമ്പുകൾ പ്രവർത്തിക്കുന്നത്.

## ജില്ലയിൽ 13 ന് മഞ്ഞ അലേർട്ട്

തൃശൂർ ജില്ലയിൽ ജൂൺ 13 ന് കേന്ദ്ര കാലാവസ്ഥ നിരീക്ഷണ കേന്ദ്രം മഞ്ഞ അലേർട്ട് പ്രഖ്യാപിച്ചു. ഒറ്റപ്പെട്ടയിടങ്ങളിൽ ശക്തമായ മഴയ്ക്കാണ് സാധ്യത. പൊരിങ്ങൽക്കുത്ത് ഡാമിൽ ബുധനാഴ്ച രാവിലെ ആറ് മണിയിലെ കണക്ക് പ്രകാരം ജലനിരപ്പ് 411 മീറ്ററാണ്. കഴിഞ്ഞ വർഷം ഇതേ ദിവസം ഇത് 424 മീറ്ററായിരുന്നു. ഫുൾ റിസർവോയർ ലെവൽ 424 മീറ്ററാണ്. ഷോളയാർ ഡാമിൽ ബുധനാഴ്ച രാവിലെ എഴ് മണിക്ക് 2581.50 അടിയാണ് ജലനിരപ്പ്. കഴിഞ്ഞ വർഷം ഇതേ ദിവസം 2603.80 അടിയായിരുന്നു. ഫുൾ റിസർവോയർ ലെവൽ 2663 അടി. 35 മില്ലിമീറ്റർ മഴയാണ് ഇവിടെ വൃഷ്ടിപ്രദേശത്ത് രേഖപ്പെടുത്തിയത്.

## വള്ളം വാടകയ്ക്ക് ആവശ്യമുണ്ട്

തൃശൂർ ജില്ലയിലെ അഴീക്കോട് ഫെറി മുതൽ ചേറ്റുവ വരെയുള്ള കനോലി കനാൽ, കരുവന്നൂർ പുഴ, ചാലക്കുടിപ്പുഴ, കെഎൽഡിസി കനാൽ, റിസർവോയറുകൾ, കോൾപ്പാടങ്ങൾ എന്നീ ഉൾനാടൻ ജലാശയങ്ങളിൽ ഫിഷറീസ് ഉദ്യോഗസ്ഥർക്ക് പട്രോളിങ് നടത്തുന്നതിന് സ്വന്തമായി വള്ളം ഉള്ളവരിൽ നിന്നും വള്ളം വാടകയ്ക്ക് ലഭിക്കുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷൻ കവറിനു പുറത്ത് 2019-20 കായൽ പട്രോളിങ് ഉപയോഗിക്കുന്നതിന് ബോട്ട് വാടകയ്ക്ക് നൽകുന്നതിനുള്ള ക്വട്ടേഷൻ എന്ന് രേഖപ്പെടുത്തണം. ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി ജൂൺ 18 ഉച്ചയ്ക്ക് മൂന്ന് മണി. വിശദവിവരങ്ങൾക്ക് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസുമായി ബന്ധപ്പെടണം. ഫോൺ : 0487-2441132.

## അതിജീവനം :
## എൻജിഒകൾക്ക് അപേക്ഷിക്കാം

ഭിന്നശേഷിക്കാരുടെ ക്ഷേമവും വികസനവും പുനരധിവാസവും ഉറപ്പു വരുത്തുന്നതിനായി അതിജീവനം സമഗ്ര പദ്ധതി നടപ്പാക്കുന്നതിന് തൽപരരായ എൻജിഒ കളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. പ്രോജക്ട്, അപേക്ഷഫോറം, മറ്റ് വിശദാംശങ്ങൾ www.swd.kerala.gov.in. എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. അപേക്ഷയോടൊപ്പം ആവശ്യമായ രേഖകൾ, രണ്ട് പകർപ്പുകൾ സഹിതം വേണം. അപേക്ഷയുടെ പുറം കവറിൽ അതിജീവനം പ്രോജക്ടിനുള്ള അപേക്ഷ എന്ന് രേഖപ്പെടുത്തണം. സാമൂഹ്യനീതി ഡയറക്ടർ, വികാസ് ഭവൻ, തിരുവനന്തപുരം എന്ന വിലാസത്തിൽ അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ജൂൺ 20.

## ജിഐഎസ് അസിസ്റ്റന്റ് നിയമനം

തൃശൂർ ജില്ലാ നഗരഗ്രാമാസൂത്രണ കാര്യാലയത്തിന്റെ നേതൃത്വത്തിൽ അമൃത് സിറ്റി പദ്ധതി പ്രകാരം തൃശൂർ കോർപ്പറേഷൻ, ഗുരുവായൂർ മുനിസിപ്പാലിറ്റി എന്നിവയുടെ ജിഐഎസ് അടിസ്ഥാനമാക്കിയുള്ള മാസ്റ്റർ പ്ലാനിനു വേണ്ടി ഭൂവിനിയോഗമാപ്പ് തയ്യാറാക്കുന്നതിനായി ദിവസവേതന അടിസ്ഥാനത്തിൽ ജിഐഎസ് അസിസ്റ്റന്റുമാരെ ആവശ്യമുണ്ട്. ഏതെങ്കിലും വിഷയത്തിൽ ഡിഗ്രി/ഡിപ്ലോമയുള്ളവരും ജിഐഎസ് സർട്ടിഫൈഡ് കോഴ്സ് പാസായവരുമായിരിക്കണം. ജിഐഎസ് ഡിജിറ്റൈസേഷനിൽ പ്രവൃത്തിപരിചയമുള്ളവർക്ക് മുൻഗണന. താൽപര്യമുള്ളവർ ടൗൺ പ്ലാനർ, ജില്ലാ ടൗൺ പ്ലാനറുടെ കാര്യാലയം, നഗരഗ്രാമാസൂത്രണ വകുപ്പ്, ആസൂത്രണഭവൻ, സെക്കന്റ് ഫ്ളോർ, സിവിൽ സ്റ്റേഷൻ, അയ്യന്തോൾ 680 003 എന്ന വിലാസത്തിൽ ജൂൺ 22 വൈകീട്ട് അഞ്ച് മണിക്കകം അപേക്ഷ സമർപ്പിക്കണം. ഫോൺ : 0487-2363003.

## സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചു

തളിക്കുളം ഐസിഡിഎസ് പ്രോജക്ടിനു കീഴിലെ വാടാനപ്പള്ളി പഞ്ചായത്തിലെ അങ്കണവാടി നിയമനത്തോടനുബന്ധിച്ച് അങ്കണവാടി വർക്കർമാരുടെ പുതുക്കിയ സമാഹൃത സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചതായും പ്രോജക്ട് ഓഫീസിലെ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിച്ചതായും അറിയിച്ചു.

## കമ്മ്യൂണിറ്റി കൗൺസിലർ :
## വാക്ക് ഇൻ ഇന്റർവ്യൂ

തൃശൂർ കുടുംബശ്രീ ജില്ലാ മിഷന്റെ ജെൻഡർ കമ്മ്യൂണിറ്റി കൗൺസിലിങ് പരിപാടിയിലേക്ക് ദിവസവേതനാടിസ്ഥാനത്തിൽ കമ്മ്യൂണിറ്റി കൗൺസിലർമാരെ തെരഞ്ഞെടുക്കുന്നു. 35 നും 50 നും ഇടയിൽ പ്രായമുള്ള സ്ത്രീകൾക്ക് അപേക്ഷിക്കാം. കമ്മ്യൂണിറ്റി കൗൺസിലിങ്ങിൽ മുൻപരിചയമുള്ള കുടുംബശ്രീ പ്രവർത്തകർ, സോഷ്യൽവർക്ക്/ സോഷ്യോളജി/ സൈക്കോളജി എന്നീ മേഖലയിൽ ബിരുദം/ ബിരുദാനന്തരബിരുദമുള്ളവർ എന്നിവർക്ക് ജൂൺ 21 ന് രാവിലെ 10.30 തൃശൂർ പടിഞ്ഞാറെ കോട്ട പിവി ആർക്കേഡിൽ അഞ്ചാം നിലയിലുള്ള ഡിഡിയുജികെവൈ മൈഗ്രേഷൻ സപ്പോർട്ടിങ് സെന്ററിൽ നടക്കുന്ന വാക്ക് ഇൻ ഇന്റർവ്യൂ പങ്കെടുക്കാം. ഫോൺ : 0487-2362517, സ്നേഹിത : 18004252573.

## കെൽട്രോണിൽ കമ്പ്യൂട്ടർ ഹാർഡ്‌വെയർ കോഴ്സുകൾ

കേരള സർക്കാർ സ്ഥാപനമായ കെൽട്രോൺ നടത്തുന്ന കമ്പ്യൂട്ടർ ഹാർഡ്‌വെയർ ആൻഡ് നെറ്റ്‌വർക്ക് മെയിന്റെനൻസ് വിത്ത് ഇ-ഗാഡ്ജറ്റ് ടെക്നോളജി കോഴ്സിന് അപേക്ഷ ക്ഷണിച്ചു. അടിസ്ഥാന യോഗ്യത: പ്ലസ് ടു, ഐടിഐ, ഡിപ്ലോമ, ബി.ടെക്. പ്രായപരിധി ഇല്ല. ഇലക്ട്രോണിക്സ്, കമ്പ്യൂട്ടർ ഹാർഡ്‌വെയർ, നെറ്റ്‌വർക്ക്, ലാപ്ടോപ് റിപെയർ, ഐ ഒ ടി, സിസിറ്റിവി ക്യാമറആന്റ്മൊബൈൽ ടെക്നോളജി എന്നിവയിലാണ് പരിശീലനം. വിദ്യാഭ്യാസയോഗ്യതതെളിയിക്കുന്ന രേഖകളുമായി തിരുവനന്തപുരം കെൽട്രോൺ നോളജ് സെന്ററിൽ നേരിട്ട് എത്തി

അപേക്ഷ നൽകാം. ksg.keltron.in എന്ന വെബ്സൈറ്റിലും അപേക്ഷ ഫോം ലഭ്യമാണ്. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി ജൂൺ 30. വിശദവിവരങ്ങൾക്ക് : 0471-2325154/4016555 എന്ന ഫോൺ നമ്പറിലോ കെൽട്രോൺ നോളജ്സെന്റർ, രണ്ടാം നില, ചെമ്പിക്കലം ബിൽഡിംഗ്, ബേക്കറി-വിമൻസ് കോളേജ്റോഡ്, വഴുതയ്ക്കാട്.പി.ഒ. തിരുവനന്തപുരം എന്ന വിലാസത്തിലോ ബന്ധപ്പെടുക.

## ലോജിസ്റ്റിക്സ് ആൻഡ് സപ്ലൈ ചെയ്ൻ മാനേജ്മെന്റ് ഡിപ്ലോമ

കേരള സർക്കാർ സ്ഥാപനമായ കെൽട്രോണിന്റെ വഴുതക്കാട് നോളജ് സെന്ററിൽ ഒരു വർഷത്തെ ലോജിസ്റ്റിക്സ് ആൻഡ് സപ്ലൈ ചെയ്ൻ മാനേജ്മെന്റ് ഡിപ്ലോമ കോഴ്സിലേയ്ക്ക് പ്രവേശനത്തിന് അപേക്ഷിക്കാം. വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന രേഖകളുമായി തിരുവനന്ത പുരം കെൽട്രോൺ നോളജ് സെന്ററിൽ നേരിട്ട് എത്തി അപേക്ഷ നൽകാം. ksg.keltron.in എന്ന വെബ്സൈറ്റിലും അപേക്ഷ ഫോം ലഭ്യമാണ്. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി ജൂൺ 30. വിശദവിവരങ്ങൾക്ക് : 0471-2325154/4016555 എന്ന ഫോൺ നമ്പറിലോ കെൽട്രോൺ നോളജ്സെന്റർ, രണ്ടാം നില, ചെമ്പിക്കലം ബിൽഡിംഗ്, ബേക്കറി-വിമൻസ് കോളേജ്റോഡ്, വഴു തയ്ക്കാട്.പി.ഒ. തിരുവനന്തപുരം എന്ന വിലാസത്തിലോ ബന്ധപ്പെടുക.

## കെൽട്രോണിൽ തൊഴിൽ നൈപുണ്യ വികസന കോഴ്സുകൾ

കേരള സർക്കാർ സ്ഥാപനമായ കെൽട്രോണിന്റെ വഴുതക്കാട് നോളജ് സെന്ററിൽ തൊഴില ധിഷ്ഠിത കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. അഡ്വാൻസ്ഡ് ഡിപ്ലോമ ഇൻ മീഡിയാ ഡിസൈനിങ് ആൻഡ് ഡിജിറ്റൽ ഫിലിം മേക്കിംഗ്, ഡിപ്ലോമ ഇൻ ഹാർഡ്വെയർ ആൻഡ് നെറ്റ്വർക്ക് മെയിന്റനൻസ് വിത്ത് ഇ-ഗാഡ്ജറ്റ് ടെക്നോളജീസ്, വെബ് ഡിസൈൻ ആൻഡ് ഡവലപ്പ്മെന്റ്സ്, ഐഒടി, പൈത്തൺ, ജാവ, ഡോട്ട് നെറ്റ്, പിഎച്ച്പി എന്നിവയാണ് കോഴ്സുകൾ. യോഗ്യത: എസ്എസ്എൽസി/ പ്ലസ് ടു/ ഡിപ്ലോമ/ ഡിഗ്രി. വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന രേഖകളുമായി തിരുവനന്തപുരം കെൽട്രോൺ നോളജ് സെന്ററിൽ നേരിട്ട് എത്തി അപേക്ഷ നൽകാം. ksg.keltron.in എന്ന വെബ്സൈറ്റിലും അപേക്ഷ ഫോം ലഭ്യമാണ്. അപേക്ഷ സമർപ്പി ക്കേണ്ട അവസാന തീയതി ജൂൺ 30. വിശദവിവരങ്ങൾക്ക് : 0471-2325154/4016555 എന്ന ഫോൺ നമ്പറിലോ കെൽട്രോൺ നോളജ്സെന്റർ, രണ്ടാം നില, ചെമ്പിക്കലം ബിൽഡിംഗ്, ബേക്കറി-വിമ ൻസ് കോളേജ്റോഡ്, വഴുതയ്ക്കാട്.പി.ഒ. തിരുവനന്തപുരം എന്ന വിലാസത്തിലോ ബന്ധപ്പെടുക.

## ബാങ്ക് പാസ്ബുക്കിന്റെ പകർപ്പ് നൽകണം

പൂട്ടിക്കിടക്കുന്ന, വിജയലക്ഷ്മി കാഷ്യൂ കമ്പനി, മുരിയാട് , കുട്ടനെല്ലൂർ, എന്നീ ഫാക്ട റികളിലെ തൊഴിലാളികൾക്ക്, ഓണത്തിനും മറ്റും, സർക്കാർ നൽകിവരുന്ന എക്സ് ഗ്രേഷ്യ തുട ങ്ങിയ ധനസഹായങ്ങൾ പൂർണ്ണമായും ബാങ്ക് വഴിയാക്കി. ഈ കമ്പനികളിലെ 58 വയസ്സു തിക യാത്തവരും, അംശാദായം തിരിച്ചുവാങ്ങിയിട്ടില്ലാത്തതുമായ തൊഴിലാളികൾ, അവരുടെ, ബാങ്ക് പാസ്സ്ബുക്ക്, ആധാർകാർഡ്, അംഗത്വകാർഡ്, ഇ.എസ്.ഐ. കാർഡ്. എന്നിവയുവയുടെ പകർപ്പ്, മൊബൈൽ ഫോൺനമ്പർ രേഖപ്പെടുത്തിയശേഷം, ജൂൺ 25 നകം അതാതു കമ്പനികളിൽ ഏൽപ്പിക്കേണ്ടതാണെന്ന് കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ് ഇൻസ്പെക്ടർ അറിയിച്ചു.

## താൽക്കാലിക നിയമനം

പീച്ചി കേരള വനഗവേഷണ സ്ഥാപനത്തിൽ പ്രോജക്ട് ഫെല്ലോ തസ്തികയിൽ താൽക്കാലിക നിയമനം നടത്തുന്നു. ബോട്ടണി, പ്ലാന്റ് സയൻസ്, ഫോറസ്ട്രി, ബയോളജി, ലൈഫ് സയൻസ് എന്നിവയിൽ ഏതെങ്കിലും ഒന്നിൽ ബിരുദാനന്തരബിരുദമാണ് യോഗ്യത. പ്ലാന്റ് ഇക്കോളജി, ഇക്കോ ഫിസിയോളജി ഫീൽഡ് പരിചയം. യുജിസി നെറ്റ് അഭികാമ്യം. പ്രായം 2019 ജനുവരി ഒന്നിന് 36 വയസ്സ് കവിയരുത്. പട്ടികജാതി, പട്ടികവർഗ്ഗ, പിന്നോക്ക വിഭാഗക്കാർക്ക് നിയമാനുസൃത ഇളവ് ലഭിക്കും. താൽപര്യമുള്ളവർ അസ്സൽ സർട്ടിഫിക്കറ്റ് സഹിതം ജൂൺ 24 രാവിലെ 10 ന് പീച്ചി ഓഫീസിൽ അഭിമുഖത്തിന് എത്തണം. ഫോൺ : 0487-2690100.

# നെറ്റ് പരിശീലന വീഡിയോ ദൂരദർശനിൽ

കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലെ എഡ്യൂക്കേഷണൽ മൾട്ടിമീഡിയ റിസർച്ച് സെന്റർ തയ്യാറാക്കിയ യുജിസി-നാഷണൽ എലിജിബിലിറ്റി ടെസ്റ്റ് (നെറ്റ്) പരിശീലന വീഡിയോ പ്രോഗ്രാമുകൾ ദൂരദർശന്റെ സ്വയംപ്രഭാനെറ്റ് വർക്കിലെ ചാനൽ 8 ൽ (ആര്യഭട്ട ചാനൽ) ലഭ്യമാണെന്ന് ഡയറക്ടർ അറിയിച്ചു. കാലിക്കറ്റ് യൂണിവേഴ്സിറ്റി വിദൂര വിദ്യാഭ്യാസ വിഭാഗത്തിന്റെ ആഭിമുഖ്യത്തിലാണ് ഈ യുജിസി-നെറ്റ് ക്ലാസ്സ് സംഘടിപ്പിച്ചിരിക്കുന്നത്. നെറ്റ് പരിശീലന രംഗത്ത് വിദഗ്ധരായ അധ്യാപകരാണ് ക്ലാസുകൾക്ക് നേതൃത്വം നൽകിയത്. മാത്തമാറ്റിക്കൽ ആപ്റ്റിട്യൂഡ്, റിസർച്ച് ആപ്റ്റിട്യൂഡ്, കമ്മ്യൂണിക്കേഷൻ ആൻഡ് കോംപ്രിഹെൻഷൻ, ഡാറ്റ ആൻഡ് ഇന്റർപ്രെട്ടേഷൻ എന്നീ വിഷയങ്ങളിലാണ് ക്ലാസ്സുകൾ. ദൂരദർശൻ ഫ്രീഡിഷ്, ഡിഷ് ടിവി, കേരളവിഷൻ കേബിൾ നെറ്റ് വർക്ക് (ചാനൽ-418) എന്നീ ടെലിവിഷൻ നെറ്റ് വർക്കുകളിൽ ജൂൺ 12 മുതൽ 15 വരെ രാവിലെ 10 മുതൽ ഈ ക്ലാസുകൾ ലഭിക്കും. ഓരോ ദിവസവും അര മണിക്കൂർ വീതമുള്ള നാല് ക്ലാസുകളാണ് ഉള്ളത്. വൈകീട്ട് 4, രാത്രി 10 എന്നീ സമയങ്ങളിൽ ഇവ പുന:സംപ്രേക്ഷണം ചെയ്യും.

# കൈപ്പാട്-പൊക്കാളി സംയോജിത മത്സ്യ-നെൽകൃഷിക്ക് ധനസഹായം

ജലകൃഷി വികസന ഏജൻസി, കേരളം (അഡാക്ക്) എറണാകുളം മേഖലാ ഓഫീസ് മുഖേന എറണാകുളം, തൃശൂർ ജില്ലകളിലായി നടപ്പിലാക്കുന്ന കൈപ്പാട്-പൊക്കാളി സംയോജിത മത്സ്യ-നെൽകൃഷി പദ്ധതി (2015-2019) യിലേക്ക് ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനായി അപേക്ഷ ക്ഷണിച്ചു. കർഷകർ, കർഷക തൊഴിലാളികൾ, മത്സ്യത്തൊഴിലാളികൾ എന്നിവരുടെ അഞ്ചു പേരിൽ കുറയാത്ത അംഗങ്ങളുള്ള ഗ്രൂപ്പുകൾക്കോ സ്വയംസഹായസംഘങ്ങൾക്കോ ആക്റ്റിവിറ്റി ഗ്രൂപ്പുകൾക്കോ അപേക്ഷിക്കാം. തിരഞ്ഞെടുക്കപ്പെടുന്ന ഓരോ ഗ്രൂപ്പും അഞ്ച് ഹെക്ടറിൽ കുറയാത്ത കൃഷി സ്ഥലം സ്വന്തമായോ പാട്ട വ്യവസ്ഥയിലോ കൈവശം ഉള്ളവരായിരിക്കണം. പാട്ടവ്യവസ്ഥയിൽ അഞ്ചു വർഷമെങ്കിലും കൃഷി സ്ഥലത്ത് കൃഷി ചെയ്യുന്നതിനുള്ള അവകാശം ഗ്രൂപ്പുകൾക്ക് ഉണ്ടായിരിക്കേണ്ടതാണ്. പദ്ധതി പ്രകാരം വികസിപ്പിക്കുന്ന കൃഷിയിടത്തിന്റെ പുറം ബണ്ടുകളിൽ കണ്ടൽതൈകൾ വെച്ചു പിടിപ്പിച്ച് ബണ്ട് സംരക്ഷിക്കുന്നതും പദ്ധതിയുടെ ഭാഗമാണ്. അപേക്ഷഫോമുകൾ അഡാക്കിന്റെ എറണാകുളം മേഖലാ ഓഫീസിൽ നിന്നും ലഭിക്കും. പൂരിപ്പിച്ച അപേക്ഷ ജൂലൈ 15 വൈകീട്ട് അഞ്ച് മണിക്കകം എറണാകുളം ഓഫീസിൽ ലഭിക്കണം. കൂടുതൽ വിവരങ്ങൾ നേരിട്ടോ ഫോൺ മുഖേനയോ ലഭിക്കും. വിലാസം റീജ്യണൽ എക്സിക്യൂട്ടീവ് അഡാക്ക്, കനാൽ റോഡ്, പെരുമാനൂർ പി ഒ, കൊച്ചി 15. ഫോൺ : 0484-2665479.

# കലാപ്രിയ സുരേഷ് കൊടകര ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട്

കൊടകര ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് സ്ഥാനത്തേക്ക് സിപിഐ യിലെ കൊടകര ബ്ലോക്ക് പഞ്ചായത്ത് 06-വരന്തരപ്പിള്ളി ഡിവിഷനിലെ അംഗമായ കലാപ്രിയ സുരേഷ് തെരഞ്ഞെടുക്കപ്പെട്ടതായി വരണാധികാരി കൂടിയായ തൃശൂർ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു.

# സ്മാർട്ട് അഗ്രി വില്ലേജ് യോഗം

മാള ഗ്രാമപഞ്ചായത്തിൽ കുടുംബശ്രീ സ്മാർട്ട് അഗ്രി വില്ലേജ് (സേവ് )പദ്ധതി വിശദീകരണ യോഗം നടന്നു. പഞ്ചായത്ത് ഹാളിൽ നടന്ന യോഗത്തിൽ പ്രസിഡന്റ് പി. കെ. സുകുമാരൻ അധ്യക്ഷത വഹിച്ചു. കുടുംബശ്രീ ജില്ലാ പ്രൊജക്റ്റ് കോർഡിനേറ്റർ ദീപ കിഷോർ പദ്ധതി വിശദീകരണം നടത്തി. കൃഷി വകുപ്പിന്റെയും മൃഗ സംരക്ഷണ വകുപ്പിന്റെയും

സഹകരണത്തോടെയാണ് സേവ് പദ്ധതി നടപ്പിലാക്കുന്നത്. ഒന്ന്, രണ്ട് വാർഡുകളിലെ കുടുംബശ്രീ അംഗങ്ങൾക്ക് കാർഷിക പ്രവർത്തനങ്ങൾക്കും മൃഗ സംരക്ഷണത്തിനും വേണ്ട പരിശീലനം നൽകും. കൃഷി ഓഫീസർ സി. ബി. അജിത്, ബ്ലോക്ക് വെറ്റിനറി സീനിയർ സർജൻ ഇ. ടി . ബിന്ദു, കുടുംബശ്രീ ബ്ലോക്ക് പ്രോഗ്രാം കോർഡിനേറ്റർ ശ്രുതി ബിനേഷ് തുടങ്ങിയവർ പങ്കെടുത്തു.

## ഫാഷൻ ഡിസൈനിങ്ങ് ഡിഗ്രി സീറ്റൊഴിവ്

കേന്ദ്ര ടെക്സ്റ്റൈൽ മന്ത്രാലയത്തിന്റെ കീഴിലുള്ള അപ്പാരൽ ട്രെയിനിങ് ആൻഡ് ഡിസൈൻ സെന്ററും രാജീവ് ഗാന്ധി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് യൂത്ത് ഡവലപ്പ്മെന്റും സംയുക്തമായി നടത്തുന്ന മൂന്ന് വർഷത്തെ ബിവോക് ഡിഗ്രി ഇൻ ഫാഷൻ ഡിസൈനിങ്ങ് ആൻഡ് റീട്ടെയിൽ കോഴ്സിൽ ഒഴിവുള്ള സീറ്റുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. യോഗ്യത : പ്ലസ് ടു. താൽപര്യമുള്ളവർ അനുബന്ധ രേഖകളുമായി ജൂൺ 20 രാവിലെ 11 ന് തളിപ്പറമ്പ് നാടുകാണിയിലെ അപ്പാരൽ ട്രെയിനിങ് ആൻഡ് ഡിസൈൻ സെന്ററിൽ നേരിട്ട് ഹാജരാകണം. ഫോൺ : 0460-2226110, 9746394616.

## ശരണബാല്യം : ഉപന്യാസ മത്സരം നടത്തി

ലോക ബാലവേല വിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി വനിതാ ശിശു വികസന വകുപ്പ് ജില്ലാ ശിശുസംരക്ഷണ യൂണിറ്റിന്റെ നേതൃത്വത്തിൽ ശരണബാല്യം പദ്ധതി പ്രകാരം കുട്ടികൾക്കായി ഉപന്യാസ മത്സരവും തെരുവ് നാടകവും സംഘടിപ്പിച്ചു. തൃശൂർ സിഎംഎസ് സ്കൂളിൽ തൃശൂർ ചൈൽഡ് വെൽഫെയർ കമ്മിറ്റി ചെയർമാൻ കെ ജി വിശ്വനാഥൻ ഉദ്ഘാടനം ചെയ്തു. ഉപന്യാസ മത്സരത്തിൽ തൃശൂർ ഹോളി ഫാമിലി സ്കൂളിലെ ഐശ്വര്യ കെ വി ഒന്നാം സ്ഥാനവും അതേ സ്കൂളിലെ ലിവ്യ എൻ തോമസ് രണ്ടാം സ്ഥാനവും ഒല്ലൂർ സെന്റ് മേരീസ് സ്കൂളിലെ അക്ഷയ കൃഷ്ണ മൂന്നാം സ്ഥാനവും നേടി.

സി ആർ ദാസ്, കൃഷ്ണപ്രിയ എന്നിവർ ഉപന്യാസ മത്സരത്തിന്റെ വിധികർത്താക്കളായി. ജില്ലാ ശിശുസംരക്ഷണ ഓഫീസർ കെ ജി രാഗപ്രിയ, സിഎംഎസ് സ്കൂൾ ഹെഡ്മാസ്റ്റർ സജി സാമുവൽ, ജില്ലാ ശിശുസംരക്ഷണ യൂണിറ്റിലെ സോഷ്യൽ വർക്കർ അശ്വതി, ഔട്ട് റീച്ച് വർക്കർ അലക്സ് എന്നിവർ സംസാരിച്ചു. പങ്കെടുത്ത എല്ലാ കുട്ടികൾക്കും സർട്ടിഫിക്കറ്റ് നൽകി. തൃശൂർ സെന്റ് മേരീസ് കോളേജിലെ സോഷ്യൽ വർക്ക് വിഭാഗവുമായി ചേർന്ന് നഗരത്തിന്റെ വിവിധ ഭാഗങ്ങളിൽ തെരുവ് നാടകം അവതരിപ്പിച്ചു. ബാലവേല-ബാലഭിക്ഷാടനം തെരുവ് ബാല്യ വിമുക്ത കേരളത്തിനായി വനിതാ ശിശു വികസന വകുപ്പ്, ജില്ലാ ശിശുസംരക്ഷണ യൂണിറ്റ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ശരണബാല്യം. ഈ പദ്ധതിയുടെ ഭാഗമായി ബാലവേല, ബാലഭിക്ഷാടനം എന്നിവ തടയുന്നതിനു വേണ്ടി എക്സൈസ്, പോലീസ്, ലേബർ, ചൈൽഡ് ലൈൻ എന്നീ വകുപ്പുകളുടെ സഹകരണത്തോടെ വ്യാപാര സ്ഥാപനങ്ങൾ, ഹോട്ടലുകൾ, ഉത്സവ സ്ഥലങ്ങൾ തുടങ്ങി വിവിധ സ്ഥലങ്ങളിൽ ഡ്രൈവുകൾ സംഘടിപ്പിച്ച് വരുന്നു.